നമ്പർ.എം.പി(3)39721/2017 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 31.10.2017

സർക്കുലർ നമ്പർ48/2017

വിഷയം:- സഹകരണ വകുപ്പ്-മാർക്കറ്റിംഗ്-മലബാർ സിമന്റ് വിപണനത്തിന് സഹകരണ സംഘങ്ങളെ ഡീലർമാരാക്കുന്നത്- സംബന്ധിച്ച്.

സൂചന:- മലബാർ സിമന്റ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 25.08.2017-ലെ എം.സി.ആർ/സെയിൽസ്/2017 നമ്പർ കത്ത്.

-------

പൊതു വിപണിയിൽ സിമന്റിന്റെ വില കുതിച്ചുയരുന്നത് സാധാരണ ജനങ്ങളുടെ പാർപ്പിടം മുതലായ അടിസ്ഥാനാവശ്യങ്ങൾക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതും സിമന്റിന്റെ വില വർദ്ധന നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത പത്രമാധ്യമങ്ങളിൽ ചർച്ച ചെയ്യപ്പെടുകയും 14-ാം കേരള നിയമ സഭയുടെ അഞ്ചാം സമ്മേളനത്തിൽ പല സാമാജികരും പൊതു വിപണിയിൽ സിമന്റ് വില നിയന്ത്രിക്കുന്നതിന് സഹകരണ സംഘങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തിട്ടുള്ളതാണ്.

ഇത് സംബന്ധിച്ച് ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരിൽ നിന്നും ലഭ്യമായിട്ടുള്ള റിപ്പോർട്ടുകൾ അനുസരിച്ച് പല ജില്ലകളിലും പ്രാഥമിക സഹകരണ സംഘങ്ങൾ സിമന്റ് ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾ വിപണനം ചെയ്തു വരുന്നതായും പ്രസ്തുത സംഘങ്ങൾ പൊതു വിപണിയിലേതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് സിമന്റ് വില്പന നടത്തി വരുന്നതായും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. പ്രാദേശിക സാഹചര്യങ്ങൾക്കു വിധേയമായി പൊതു വിപണിയിലേതിനേക്കാൾ 10% വരെ വില കുറവിൽ സിമന്റ് വിൽക്കുവാൻ സാധ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ പ്രമുഖ പൊതു മേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡ്, അതിന്റെ ഉല്പന്നമായ മലബാർ സിമന്റിന്റെ വില്പന വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി അതിന്റെ വിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ സാധ്യതകൾ സഹകരണ സംഘം രജിസ്ട്രാറുമായി ചർച്ച ചെയ്യുകയുണ്ടായി. ഇരുപതിൽ പരം സഹകരണ സംഘങ്ങൾ ഇപ്പോൾ തന്നെ മലബാർ സിമന്റ്സിന്റെ വിപണന ശൃംഖലയുടെ ഭാഗമാണ്. കൂടുതൽ സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന വ്യാപകമായി മലബാർ സിമന്റ്സിന്റെ വിപണന ശൃംഖല വിപുലമാക്കുന്നതിനും അതുവഴി കുറഞ്ഞ നിരക്കിൽ ആവശ്യക്കാരായ പൊതുജനങ്ങൾക്ക് സിമന്റ് ലഭ്യമാക്കുവാനുമാണ് മലബാർ സിമന്റ്സ് ലക്ഷ്യമിടുന്നത്. ഇതിലേയ്ക്ക് കൂടുതൽ സഹകരണ സംഘങ്ങൾ മലബാർ സിമന്റ്സിന്റെ ഡീലർഷിപ്പ് ഏറ്റെടുക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്ക ണമെന്ന് മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ സൂചന പ്രകാരം അഭ്യർത്ഥിച്ചിരിക്കുകയാണ്. ഇതു സാധ്യമാക്കുന്നതിലേയ്ക്കായി മലബാർ സിമന്റ്സിന്റെ ഡീലർഷിപ്പ് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ സഹകരണ സംഘങ്ങൾക്ക് ഇളവുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ മാത്രമായുള്ള സ്റ്റോക്കുകൾക്ക് പ്രത്യേക ഇൻസെന്റീവ് സബ്സിഡി എന്നിവ ലഭ്യമാക്കുന്നതാണെന്ന് കമ്പനി അറിയിച്ചിട്ടുമുണ്ട്. ഡീലർഷിപ്പ് അനുവദിക്കുമ്പോൾ സഹകരണ സംഘങ്ങൾക്കാണ് കമ്പനി മുൻഗണന നൽകുന്നത്. ഡീലർമാർ തമ്മിലുള്ള ദൂരപരിധിയുടെ കാര്യത്തിൽ സഹകരണ സംഘങ്ങൾക്ക് ഇളവ് നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ഡീലർമാരായ സഹകരണ സംഘങ്ങൾക്ക് ബാങ്ക് ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ ക്രെഡിറ്റ് സൗകര്യങ്ങളും ലഭിക്കുന്നതാണ്.

നിലവിൽ മലബാർ സിമന്റ്സിന്റെ വിതരണത്തിന് മൊത്ത വിതരണക്കാരും ചില്ലറ വിതരണക്കാരും അടങ്ങുന്ന ഇടനിലക്കാരുടെ രണ്ടു തട്ടുകളാണ് ഉള്ളത്. ഈ രണ്ട് തട്ട് ഇടനിലക്കാരെ ഒഴിവാക്കി സഹകരണ സംഘങ്ങളെ വിതരണം ഏല്പിക്കുന്നതിലൂടെ ഉപഭോക്താവിന് വിലകുറച്ച് സിമറ്റ് ലഭ്യമാക്കുവാൻ കഴിയും. സഹകരണ സംഘങ്ങൾക്ക് ന്യായമായ ലാഭം ലഭിക്കുകയും ഈ രണ്ട് മേഖലയുടെയും പരസ്പര പൂരകമായ സഹവർത്തിത്വം ഉറപ്പാക്കുകയും അതുവഴി സാമൂഹ്യ സേവനത്തിന് ഇടയാകുകയും ചെയ്യുന്നതാണ്.

സംസ്ഥാനത്തെ പൊതു മേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നയത്തിന്റെയും ആവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനുള്ള സർക്കാർ നടപടികളുടെയും പശ്ചാത്തലത്തിൽ മലബാർ സിമന്റിന്റെ വിതരണത്തിന് കഴിയുന്നത്ര സഹകരണ സംഘങ്ങളെ ഡീലർമാരായി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന സിമന്റ് ന്യായവിലയ്ക്കാണ് ജനങ്ങൾക്ക് ലഭിക്കുന്നതെന്ന് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ ഉറപ്പു വരുത്തേണ്ടതാണ്. ഇതിനായി ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ താഴെപ്പറയുന്ന നടപടികൾ സ്വീകരി ക്കേണ്ടതാണ്.

1) ജില്ലയിലെ സഹകരണ സ്ഥാപനങ്ങളുടെ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അവർക്ക് മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഡീലർ/സ്റ്റോക്കിസ്റ്റ് ആയി പ്രവർത്തിക്കുന്നതിനുള്ള അനുമതി കാലതാമസം കൂടാതെ നൽകേണ്ടതാണ്.

2) ജില്ലയിലെ മുഖ്യമായും ഗോഡൗൺ സൗകര്യം നിലവിലുള്ള മാർക്കറ്റിംഗ്/റബ്ബർ മാർക്കറ്റിംഗ്, പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ, ഹൗസിംഗ് സഹകരണ സംഘങ്ങൾ മുതലായ എല്ലാ പ്രധാന സ്ഥാപനങ്ങളുടെയും യോഗം വിളിച്ചു കൂട്ടി മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രതിനിധികൾക്ക് വിശദാംശങ്ങൾ അറിയിക്കുന്നതിനുള്ള സൗകര്യം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ഏർപ്പെടുത്തേ ണ്ടതാണ്.

3) മലബാർ സിമന്റ്സ് ലിമിറ്റഡുമായുള്ള സിമന്റ് വ്യാപാരം സംബന്ധിച്ച് താൽക്കാലികമോ മറ്റ് തരത്തിലുള്ളതോ ആയ അധിക ജീവനക്കാരെ നിയോഗിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന അപേക്ഷകൾ പരിഗണിക്കേണ്ടതില്ല. നിലവിലുള്ള ജീവനക്കാരെക്കൊണ്ട് തന്നെ ഈ ജോലി ചെയ്യിക്കേണ്ടതാണ് എന്ന കാര്യം ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പാക്കേണ്ടതാണ്.

4) മലബാർ സിമന്റ്സിന്റെ ഓരോ ജില്ലകളിലേയും വിതരണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ www.malabarcements.com എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്.

(ഒപ്പ്)
എസ്. ലളിതാംബിക ഐ.എ.എസ്.,
സഹകരണ സംഘം രജിസ്ട്രാർ.

1) മാനേജിംഗ് ഡയറക്ടർ, മലബാർ സിമന്റ്സ് ലിമിറ്റഡ്,
2) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.

പകർപ്പ്:-
1) സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്(ഉപരിപത്രം സഹിതം.)
2) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
3) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
4) സഹകരണ വീഥി, വെബ്സൈറ്റ്-പ്രസിദ്ധീകരണത്തിന്

ആജ്ഞാനുസരണം,

Anitha Paul

അസിസ്റ്റന്റ് രജിസ്ട്രാർ (എം.പി.)

ഡിജി